## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3009** — **20.12.2012 ൽ മറുപടിയ്ക്ക്**

## നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | **ശ്രീ കെ.ബി. ഗണേഷ് കുമാർ**<br>**(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)** |
| (എ) നെല്ലിയാമ്പതിയിൽ 1909 ലെ വിജ്ഞാപനപ്രകാരം എത്ര എസ്റ്റേറ്റുകൾ നിലവിലുണ്ടായിരുന്നു; പേരു സഹിതം വിശദമാക്കുമോ; | (എ) 1909 ലെ വിജ്ഞാപന പ്രകാരം നെല്ലിയാമ്പതിയിൽ നിലവിലുണ്ടായിരുന്ന എസ്റ്റേറ്റുകളുടെ വിവരം. അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) അനധികൃത കൈമാറ്റവും, വിഭജനവുംമൂലം നിലവിൽ അതിന്റെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; | (ബി) പലപ്പോഴായി കൈമാറിയതു മൂലവും ചില എസ്റ്റേറ്റുകൾ പല തുണ്ടുകളായി വിഭജിച്ച് കൈമാറ്റം നടത്തിയതുമൂലവും എസ്റ്റേറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നെല്ലിയാമ്പതിയിൽ സർക്കാർ തിരികെ ഏറ്റെടുത്ത എസ്റ്റേറ്റുകൾ ഉൾപ്പെടെ ആകെ 52 എസ്റ്റേറ്റുകളാണ് നിലവിലുള്ളത്. പട്ടിക അനുബന്ധം -2 ആയി ചേർക്കുന്നു. |
| (സി) സർക്കാരിന്റെ അനുമതിയില്ലാതെ പാട്ടഭൂമി കൈമാറിയിട്ടുണ്ടോ; | (സി) നെല്ലിയാമ്പതിയിൽ സർക്കാരിന്റെ അനുമതിയില്ലാതെ കൈവശക്കാർ പാട്ടഭൂമി കൈമാറിയിട്ടുണ്ട് |
| (ഡി) ഉണ്ട് എങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (ഡി) സർക്കാർ അനുമതിയില്ലാതെ പാട്ടഭൂമി കൈമാറ്റം നടത്തിയ എസ്റ്റേറ്റുകളുടെ പാട്ടം റദ്ദ് ചെയ്തു സർക്കാരിലേക്ക് തിരിച്ചെടുക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധം -3 ആയി ചേർക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ